**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4070** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെ അപര്യാപ്തത മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | (എ) | മെഡിക്കൽ കോളേജുകളിൽ NMC യുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനങ്ങൾ നടത്തുന്നത്. മെഡിക്കൽ വിദ്യാഭ്യാസം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനും രോഗികൾക്ക് മികച്ച ചികിത്സ നൽകുന്നതിനും വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും അപെക്സ് ട്രോമാ & എമർജൻസി ലേണിംഗ് സെന്ററിലുമായി 262 അദ്ധ്യാപക തസ്തികകളും 8 അനദ്ധ്യാപക തസ്തികകളും ഉൾപ്പെടെ 270 തസ്തികകൾ 21.12.2023 ലെ സഉ(കൈ)നം.346/2023/ആ.കു.വ. പ്രകാരം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.<br><br>നഴ്സിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി യിൽ നിന്നും ഉദ്യോഗാർഥികൾ നിയമിതരാകുന്നത് വരെ ബോണ്ടഡ് നഴ്സുമാരെ നിയമിച്ച് നഴ്സിംഗ് പരിചരണം ശക്തിപ്പെടുത്തുന്നുണ്ട്. കൂടാതെ. HDS/KASP/ എംപ്ലോയ്മെന്റ് മുഖേനയും നിയമങ്ങൾ നടത്തി ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നു. എംപ്ലോയ്മെന്റ് ലിസ്റ്റ് കിട്ടുവാൻ എടുക്കുന്ന കുറഞ്ഞ കാലയളവിൽ contract നിയമനം നടത്തി രോഗികൾക്കുള്ള ചികിത്സയും പൊതുജനങ്ങൾക്കുള്ള സേവനവും ഉറപ്പ് വരുത്തുന്നുണ്ട്.<br><br>ആരോഗ്യ വകുപ്പ് കാര്യാലയത്തിനു കീഴിൽ വരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ല/ജനറൽ ആശുപത്രികൾ വരെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ആർദ്രം പദ്ധതി പ്രകാരമുള്ള മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ ആകെ 3725 തസ്തികകൾ |

| | | | |
|---|---|---|---|
| | | | സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി - യ്ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തുവരുന്നു.<br><br>ആയതിനാൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കുന്ന രീതിയിൽ ജീവനക്കാരുടെ അപര്യാപ്തത ഉണ്ടായിട്ടില്ല. |
| (ബി) | ആശുപത്രികളിലെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | എ പരിവിന് നൽകിയ പ്രകാരം |
| (സി) | ഇപ്രകാരം പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) | എ പരിവിന് നൽകിയ പ്രകാരം |
| (ഡി) | സാധാരണക്കാരായ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | എ പിരിവിന് നൽകിയ പ്രകാരം |

സെക്ഷൻ ഓഫീസർ